# മുസ്‌ലിം ജനസംഖ്യ വത്തിക്കാന്റെ ആശങ്ക

■ ദ ഡെയ്‌ലി ടെലിഗ്രാഫിനെ *ഉദ്ധരിച്ച് 1.4.'08-ലെ* ന്യൂ ഇന്ത്യൻ എക്സ്പ്രസ് *പത്രത്തിൽ വന്ന വാർത്ത: 19.2 ശതമാനമുള്ള ലോക മുസ്‌ലിം ജനസംഖ്യ 17.4 ശതമാനമായ റോമൻ കത്തോലിക്കരേക്കാൾ വളരെ മുന്നിലാണെന്നും ഇത് പോപ്പിനെ ഉത്കണ്ഠാകുലനാക്കുന്നുവെന്നും വത്തിക്കാനിലെ എൽ ഒബ്സർവേറ്റർ റോമാനോ എന്ന പത്രം റിപ്പോർട്ട് ചെയ്യുന്നു. മുസ്‌ലിം ജനസംഖ്യ വർധിക്കാൻ കാരണം മുസ്‌ലിംകളുടെ ജനനനിരക്കാണ്. 2045 ആകുമ്പോൾ ബ്രിട്ടനിലെ ചർച്ചുകളിൽ ഞായറാഴ്ച പ്രാർഥനക്ക് പോകുന്ന ക്രിസ്ത്യാനികളേക്കാൾ വെള്ളിയാഴ്ചകളിൽ പള്ളികളിൽ പ്രാർഥനക്ക് പോകുന്നത് മുസ്‌ലിംകളായിരിക്കും കൂടുതൽ. ഇൻഡിപെൻഡന്റ് ക്രിസ്ത്യൻ റിസർച്ച് ഓർഗനൈസേഷന്റെ കണക്കുകൂട്ടലനുസരിച്ച് ഒരു ദശാബ്ദത്തിനുള്ളിൽ സജീവരായ മുസ്‌ലിംകൾ സജീവ റോമൻ കത്തോലിക്കരെയും പിൻതള്ളിക്കളയുമെന്നും വത്തിക്കാൻ ഭയപ്പെടുന്നു.*
*അസഹിഷ്ണുത നിഴലിക്കുന്ന ഈ നിരീക്ഷണങ്ങൾ വത്തിക്കാന്റെ പദവിക്കും അന്തസ്സിനും യോജിച്ചതാണോ?*

***ഖാൻ വെള്ളായണി***
***തിരുവനന്തപുരം***

**ഏ**ക ദൈവത്തെ ആരാധിക്കുകയും യേശുവിനെ ശ്രേഷ്ഠ പ്രവാചകനായി അംഗീകരിക്കുകയും ക്രൈസ്തവരെ വേദഗ്രന്ഥത്തിന്റെ അവകാശികളായി മാനിക്കുകയും ചെയ്യുന്നവരാണ് മുസ്‌ലിംകൾ. അവരുടെ എണ്ണം കൂടുന്നത് വാസ്തവമാണെങ്കിൽതന്നെ പോപ്പിനോ അനുയായികൾക്കോ ഉത്കണ്ഠപ്പെടാനൊന്നുമില്ല. ക്രൈസ്തവർ അറുത്ത മാംസം തിന്നാമെന്നും അവരുടെ പെൺമക്കളെ വിവാഹം ചെയ്യാമെന്നും യഹൂദരെ അപേക്ഷിച്ച് ക്രിസ്ത്യാനികളാണ് മുസ്‌ലിംകളോട് കൂടുതൽ സൗഹൃദം പുലർത്തുന്നതെന്നും ഖുർആൻ വ്യക്തമാക്കുന്നു. ബൈസാന്റിയൻ സാമ്രാജ്യം ഇസ്‌ലാമിനെ തകർക്കാൻ ശ്രമിക്കുകയും പിൽക്കാലത്ത് മൂന്ന് നൂറ്റാണ്ടോളം നീണ്ട കുരിശുയുദ്ധ പരമ്പര മുസ്‌ലിം-ക്രൈസ്തവ ബന്ധങ്ങൾക്ക് മാരക ക്ഷതമേൽപിക്കുകയും ചെയ്തതിൽ പിന്നെയാണ് മദീന മുതൽ ഫലസ്ത്വീൻ വരെയുള്ള മേഖലയിൽ സമാധാനപരമായ സഹവർത്തിത്വത്തിൽ കഴിഞ്ഞ ഇരു മത സമുദായങ്ങളും അകന്നുപോയത്. പോർച്ചുഗീസ്-ഫ്രഞ്ച്-ഡച്ച്-ബ്രിട്ടീഷ് സാമ്രാജ്യ ശക്തികളുടെ മുസ്‌ലിംലോകത്തേക്കുള്ള അധിനിവേശം സ്ഥിതി കൂടുതൽ മോശമാക്കി. എന്നിട്ടും ഗണ്യമായ ക്രൈസ്തവ ന്യൂനപക്ഷം നിവസിക്കുന്ന ഈജിപ്തിനെ പോലുള്ള മുസ്‌ലിം നാടുകളിൽ ഇരു സമുദായങ്ങളുടെയും ബന്ധങ്ങൾ സൗഹൃദപരമാണ്. മാർപാപ്പ ബെനഡിക്റ്റ് പതിനാറാമന്റെ തുർക്കി സന്ദർശനം ബന്ധം പൂർവാധികം മെച്ചപ്പെടുത്താൻ വഴിയൊരുക്കി. 2001 സെപ്റ്റംബർ 11-ലെ വേൾഡ് ട്രേഡ് സെന്റർ -പെന്റഗൺ സംഭവങ്ങളെത്തുടർന്ന് അമേരിക്കൻ സാമ്രാജ്യത്വം ഇസ്‌ലാമിനും മുസ്‌ലിംകൾക്കും നേരെ അഴിച്ചുവിട്ടിരിക്കുന്ന ഏകപക്ഷീയമായ ഭീകരനടപടികൾ വത്തിക്കാനെ വഴിതെറ്റിക്കേണ്ട കാര്യമില്ല. സത്യത്തിൽ സാമ്രാജ്യത്വവും മുതലാളിത്തവും ആഗോളവ്യാപകമായി സൃഷ്ടിക്കുന്ന അവിശ്വാസത്തിനും മതനിരാസത്തിനും ധർമച്യുതിക്കുമെതിരെ മാനവിക സദാചാര മൂല്യങ്ങളിൽ വിശ്വസിക്കുന്ന എല്ലാ മനുഷ്യസ്നേഹികളും ഒന്നിച്ചു പൊരുതേണ്ട സന്ദർഭമാണിത്. അതിനിടയിൽ ഏതെങ്കിലും സമുദായങ്ങളുടെ എണ്ണക്കുറവും എണ്ണക്കൂടുതലും ഒരു വിഷയമേ ആവേണ്ടതല്ല. ദൈവനിഷേധികളുടെയും താന്തോന്നികളുടെയും പെരുപ്പമാണ് എല്ലാവരെയും ഉത്കണ്ഠപ്പെടുത്തേണ്ടത്.

## ഖറദാവിയുടെ ഫത്‌വകൾ

■ *"സ്വതന്ത്രമായി അഭിപ്രായം പറയാനാണ് ഖർളാവിക്ക് താൽപര്യം. അതുകൊണ്ട് പണ്ഡിതലോകം അദ്ദേഹത്തെ പൂർണമായി ഉൾക്കൊള്ളാറില്ല. എന്തിന് അദ്ദേഹത്തെ ഇടക്കിടെ ഇങ്ങ് കേരളത്തിലേക്ക് കൊണ്ടുവരാറുള്ള ജമാഅത്തെ ഇസ്‌ലാമിക്ക് പോലും ചില ഫത്‌വകൾ വിഴുങ്ങേണ്ടിവരുന്നു. മൗദൂദി സാഹിബിനെ തന്നെ വിഴുങ്ങി ശീലിച്ചവർക്ക് ഇതൊരു പ്രശ്നവുമല്ല" (ഡോ. ഹുസൈൻ രണ്ടത്താണി,* സിറാജ് *2008 ഏപ്രിൽ 23). ഇതിനെക്കുറിച്ച്* മുജീബ് *എന്തു പറയുന്നു?*

***പി.വി ഉമ്മർ കോയ***
***പന്നിയങ്കര, കോഴിക്കോട്***

**മു**ജ്തഹിദുകളായ പണ്ഡിതന്മാരുടെ എല്ലാ അഭിപ്രായങ്ങളോടും എല്ലാവരും യോജിക്കണമെന്ന് ഒരു നിർബന്ധവും കീഴ്‌വഴക്കവും ഇല്ല. മദ്ഹബുകൾ തന്നെ പലതായതും ഒരേ മദ്ഹബിൽ ഭിന്നാഭിപ്രായങ്ങളുണ്ടായതും മദ്ഹബുകളാവശ്യമില്ലെന്ന് പറയുന്ന സലഫികൾ വിരുദ്ധ വീക്ഷണഗതികൾ വെച്ചുപുലർത്തുന്നതുമെല്ലാം ഇജ്തിഹാദിലെ വീക്ഷണ വൈവിധ്യത്തെ അംഗീകരിച്ചതുകൊണ്ടാണല്ലോ. ദൈവശാസ്ത്രത്തിലും കർമശാസ്ത്രത്തിലും തന്റെ വീക്ഷണഗതികൾ ജമാഅത്തെ ഇസ്‌ലാമിക്ക് ബാധകമല്ലെന്ന് തുടക്കത്തിലേ തുറന്നുപറഞ്ഞ പണ്ഡിതനാണ് സയ്യിദ് അബുൽ അഅ്ലാ മൗദൂദി. ജമാഅത്തിലാകട്ടെ ഭിന്ന മദ്ഹബുകാരും സലഫീ വീക്ഷണഗതിക്കാരും ഉണ്ടു താനും. ഖറദാവി തെളിവുകളുടെ ബലത്തിൽ തന്റെ വീക്ഷണഗതികൾ അവതരിപ്പിക്കുന്നു. തന്റേത് അവസാന വാക്കാണെന്ന് ഒരിക്കലും അദ്ദേഹം ഒരു കാര്യത്തിലും അവകാശപ്പെട്ടിട്ടില്ല. ഏതെങ്കിലും ഇമാമിന്റെയോ ഗുരുവിന്റെയോ മുഫ്തിയുടെയോ വാക്കുകൾക്ക് അപ്രമാദിത്വം കൽപിക്കുന്ന വെറും മുഖല്ലിദുകൾക്ക് ഇതൊന്നും മനസ്സിലാക്കാൻ പോലും കഴിയുന്നില്ലെങ്കിൽ അവരോട് സഹതപിക്കുകയേ ചെയ്യാനുള്ളൂ.

## ബഹുഭാര്യാത്വം പിന്തുടരുന്നില്ല?

■ *ഇസ്‌ലാമിലെ ബഹുഭാര്യാത്വത്തെ പണ്ഡിതന്മാർ ശക്തമായി ന്യായീകരിച്ചു കാണാറുണ്ട്. എന്നാൽ അവരാരും സ്വന്തം ജീവിതത്തിൽ ബഹുഭാര്യാത്വം പിന്തുടരുന്നതായി കാണുന്നില്ല. മുഹമ്മദ് നബിയുടെ കാലത്ത് സാർവത്രികമായിരുന്ന ബഹുഭാര്യാത്വം ആധുനിക സമൂഹത്തിൽ അപ്രസക്തമായി എന്നല്ലേ ഇതിനർഥം?*

***വിനോദ് കുമാർ എടച്ചേരി***

**മ**നുഷ്യർ കൂട്ടുകുടുംബമായി ഭൂമിയിൽ ആവാസം ആരംഭിച്ച കാലം മുതൽ ബഹുഭാര്യാത്വം നിലവിലിരുന്നു. പുരാണങ്ങളിലും ഇതിഹാസങ്ങളിലും വേദങ്ങളിലും ചരിത്രത്തിലും ഉദാഹരണങ്ങൾ സുലഭമാണ്. മുഹമ്മദ് നബി(സ) ജീവിച്ചിരുന്ന അറേബ്യയിലും ആ സമ്പ്രദായം നിലവിലിരുന്നു. എന്നാൽ ഭാര്യമാർക്കിടയിൽ ദാമ്പത്യപരമായ ചുമതലകളിലും പെരുമാറ്റത്തിലും നീതിപുലർത്താൻ കഴിയുന്നവർക്ക് മാത്രമായി ഇസ്‌ലാം ബഹുഭാര്യാത്വാനുമതി പരിമിതപ്പെടുത്തുകയായിരുന്നു. 'നിങ്ങൾ നീതിപാലിക്കാനാവില്ലെന്ന് ആശങ്കിച്ചാൽ ഒരേയൊരു വിവാഹം മതി' എന്നാണ് ഖുർആൻ വ്യക്തമാക്കിയത്. ഇസ്‌ലാമിക ചരിത്രത്തിൽ ഒട്ടേറെ മഹാന്മാർ ഏകപത്നീവ്രതം പാലിച്ചവരാണ്. അതിനാൽ ഇക്കാലത്തും സോപാധിക ബഹുഭാര്യാത്വത്തിന്റെ സാധുത ചൂണ്ടിക്കാട്ടുന്ന പണ്ഡിതന്മാർതന്നെ അനിവാര്യമോ പ്രോത്സാഹജനകമോ അല്ലെന്ന് മനസ്സിലാക്കി ബഹുഭാര്യാത്വം വേണ്ടെന്നു വെക്കുന്നു. അവശ്യഘട്ടങ്ങളിലെ അനുവാദവും പ്രസക്തിയും വിവേചനരഹിതമായി എടുത്തു പെരുമാറേണ്ട സാമാന്യ നടപടിയല്ല.

## കമ്യൂണിസ്റ്റുകാരൻ കണ്ടെത്തിയ സത്യം

■ *"ഇസ്‌ലാമിക സമ്പദ്‌വ്യവസ്ഥ മാതൃകാപരമാണെന്ന് തദ്ദേശ സ്വയം ഭരണ മന്ത്രി പാലോളി മുഹമ്മദ് കുട്ടി പറഞ്ഞു. സാധാരണക്കാരെ ചവിട്ടിവീഴ്ത്തിയ മുതലാളിത്തത്തോട് ഒരു വിട്ടുവീഴ്ചക്കും ഇസ്‌ലാം തയാറായിട്ടില്ല എന്നത് ഏറെ ശ്രദ്ധേയമാണ്. അതുകൊണ്ട് തന്നെയാണ് ഇസ്‌ലാമിക സമ്പദ്‌വ്യവസ്ഥിതി എന്നും ചർച്ച ചെയ്യപ്പെടുന്നത്. എസ്.വൈ.എസ് ജില്ലാ സമ്മേളനത്തിൽ ഇസ്‌ലാമിക സമ്പദ്‌വ്യവസ്ഥിതി ഇന്ത്യൻ സാഹചര്യത്തിൽ എന്ന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം" (ഗൾഫ് മാധ്യമം, 2008 ഏപ്രിൽ 21 തിങ്കൾ).*

*ജമാഅത്തെ ഇസ്‌ലാമി മാത്രം മുമ്പ് സംസാരിച്ചിരുന്ന കാര്യങ്ങൾ ഇതര മുസ്‌ലിം സംഘടനകളും വ്യത്യസ്ത മത ദാർശനികരും മറ്റും ഇപ്പോൾ ഏറ്റെടുത്ത് ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ജമാഅത്തെ ഇസ്‌ലാമി പറയുമ്പോൾ അത് 'ഹുകൂമത്തെ ഇലാഹി'യും 'മതമൗലികവാദ'വും, മറ്റുള്ളവർ പറയുമ്പോൾ അത് 'മാനവികത'യും 'മതേതരത്വ'വും ആകുന്നതിലെ പൊരുൾ എത്ര ചിന്തിച്ചിട്ടും മനസ്സിലാകുന്നില്ല. മുജീബിന്റെ പ്രതികരണം?*

***നസീർ പള്ളിക്കൽ, റിയാദ്***

**മാർ**ക്സിസത്തെ സാമാന്യം നന്നായി പഠിച്ചയാളാണ് സി.പി.എമ്മിന്റെ വിശ്വസ്ത സഖാവായ പാലോളി മുഹമ്മദ് കുട്ടി എന്നാണ് കരുതേണ്ടത്. രണ്ടു തവണ ഹജ്ജിന്റെ ചുമതലയുള്ള മന്ത്രിയായിട്ട് തന്റെ ഉത്തരവാദിത്വത്തോട് നീതിപുലർത്തുന്നയാളായിരിക്കെത്തന്നെ ഔദ്യോഗിക സംഘത്തോടൊപ്പമോ അല്ലാതെയോ പുണ്യഭൂമി സന്ദർശിക്കാൻ മിനക്കെടാതിരിക്കാൻ മാത്രം പ്രത്യയശാസ്ത്ര പ്രതിബദ്ധത അദ്ദേഹം കാത്തുസൂക്ഷിക്കുന്നുമുണ്ട്. അതേസമയം, മുതലാളിത്ത വിരുദ്ധമായ ഇസ്‌ലാമിക സാമ്പത്തികവ്യവസ്ഥയുടെ മഹത്ത്വം അദ്ദേഹം മനസ്സിലാക്കുന്നു. മുതലാളിത്തത്തെ എന്നെന്നേക്കുമായി ഉന്മൂലനം ചെയ്യാൻ ഇറങ്ങിപ്പുറപ്പെട്ട തന്റെ പ്രസ്ഥാനം ഒടുവിൽ നേരിടേണ്ടിവന്ന അപരിഹാര്യമായ തിരിച്ചടികൾ പാലോളിക്ക് ബോധ്യപ്പെടാതിരിക്കാൻ വഴിയില്ല. ഇസ്‌ലാം ദൈവികവും മാർക്സിസം മനുഷ്യനിർമിതവുമായതുമാണ് മൗലികമായ അന്തരമെന്ന് സൂക്ഷ്മ പഠനം അദ്ദേഹത്തെ ബോധ്യപ്പെടുത്തേണ്ടതാണ്. മാർക്സിസത്തെ ഒരു രീതിശാസ്ത്രമായി അംഗീകരിച്ചുകൊണ്ടുതന്നെ ഇസ്‌ലാമിലെത്തിയ ലോക മാർക്സിസ്റ്റ് ദാർശനികനാണ് റജാ ഗരോഡി. ക്രിയാത്മകമായ സമീപനവും തുടർ പഠനങ്ങളും ഇസ്‌ലാമിന്റെ നേരെ കുറേക്കൂടി അനുഭാവപൂർവമായ സമീപനം സ്വീകരിക്കാനും വിശ്വാസത്തിന്റെ അന്യാദൃശമായ അനുഗ്രഹത്തിന് പാത്രീഭൂതനാവാനും സാത്വികനായ പാലോളി മുഹമ്മദ് കുട്ടിയെ പോലുള്ളവരെ തുണക്കേണ്ടതാണ്.

## പ്രവാചകപത്നി ആഇശയുടെ പ്രായം

■ *ഇസ്‌ലാമിനെപ്പറ്റി കുറച്ചു കാലമായി പഠിക്കാൻ ശ്രമിക്കുന്ന ആളാണ് ഞാൻ. മുസ്‌ലിം സുഹൃത്തുക്കളിൽനിന്നു ലഭിക്കുന്ന പല പുസ്തകങ്ങളും മറ്റും വായിക്കുകയും ചെയ്യാറുണ്ട്. ഇസ്‌ലാമിൽ സ്ത്രീക്ക് നല്ലൊരു സ്ഥാനമുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. പക്ഷേ ഇതുമായി ബന്ധപ്പെട്ട ഒരു വിഷയം വല്ലാത്ത ആശയക്കുഴപ്പം സൃഷ്ടിക്കുന്നു. ഇതിന് വ്യക്തമായ ഒരു മറുപടി തരണമെന്നപേക്ഷിക്കുന്നു.*

*പ്രവാചകൻ പത്നി ആഇശയെ അവരുടെ ഒമ്പതാം വയസ്സിൽ വിവാഹം കഴിക്കുകയുണ്ടായി എന്നും വിവാഹത്തിനു ശേഷവും ആഇശ കളിവിനോദങ്ങളിൽ ഏർപ്പെട്ടിരുന്നുവെന്നും മനസ്സിലാക്കുകയുണ്ടായി. ഇത്രയും ചെറിയ പ്രായത്തിൽ ശാരീരികമോ മാനസികമോ ആയ വളർച്ചയെത്താതെ ബാലികമാരെ പുരുഷനേൽപിച്ച് കൊടുത്ത് തീക്ഷ്ണമായ ജീവിതാനുഭവങ്ങളിലേക്ക് അവരെ തള്ളിവിടുന്നതിലൂടെ യഥാർഥത്തിൽ അവരോട് ക്രൂരതയല്ലേ ചെയ്യുന്നത്? ഇവിടെ വധുവിന് തന്റെ ജീവിതത്തിലെ സുപ്രധാന കർമത്തെക്കുറിച്ച് തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യം പോയിട്ട് തനിക്ക് എന്താണ് സംഭവിക്കുന്നത് എന്ന് മനസ്സിലാക്കാനുള്ള പക്വത പോലുമെത്തുന്നില്ല. ചെറുപ്രായത്തിലുള്ള വിവാഹവും പ്രസവവും മാതാവിനോ കുഞ്ഞിനോ ശാരീരികമോ മാനസികമോ ആയ വൈകല്യങ്ങൾ വരുത്തിയേക്കാം എന്ന് ശാസ്ത്രം ചൂണ്ടിക്കാണിക്കുന്നു. ഇത്തരുണത്തിൽ ഇസ്‌ലാം യഥാർഥത്തിൽ ഇത് നിരുത്സാഹപ്പെടുത്തുകയല്ലേ വേണ്ടത്?*

***ടി. ദേവദാസ്***
***മഞ്ചേരി കോളേജ്***
***മലപ്പുറം***

**മാ**ന്യ ചോദ്യകർത്താവ് മുൻവിധികളും തെറ്റിദ്ധാരണകളുമായി മാറിനിൽക്കാതെ ഇസ്‌ലാമിനെക്കുറിച്ച് നേരിൽ പഠിക്കാനും സംശയങ്ങൾ തുറന്നു ചോദിക്കാനും നടത്തുന്ന ശ്രമം പ്രശംസാർഹവും മാതൃകാപരവുമാണ്. സത്യം കണ്ടെത്താൻ ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

മുഹമ്മദ് നബി(സ) പ്രവാചകനാവുന്നതിനു മുമ്പ് ഇരുപത്തഞ്ചാം വയസ്സിൽ ആദ്യ വിവാഹം ചെയ്തത് വിധവയായ നാൽപതുകാരി ഖദീജയെ ആയിരുന്നു. അവരിൽ ശൈശവത്തിൽ മരണപ്പെട്ട രണ്ട് ആൺമക്കളടക്കം ആറ് സന്താനങ്ങളും അദ്ദേഹത്തിനുണ്ടായി. ഖദീജയുടെ വിയോഗത്തിനുശേഷം നബി വിവാഹം ചെയ്തത് 66 കഴിഞ്ഞ വിധവ സൗദയെ ആയിരുന്നു. വെറും സംരക്ഷണമായിരുന്നു ലക്ഷ്യം. പ്രവാചകൻ വിവാഹം ചെയ്ത വനിതകളിൽ ഒരാൾ മാത്രമായിരുന്നു കന്യക. അവരാണ്

ചോദ്യകർത്താവ് പരാമർശിച്ച ആഇശ. സന്തത സഹചാരി അബൂബക്കറിന്റെ മകളായിരുന്നു അതീവ ബുദ്ധിമതിയായ ആഇശ. അവരുമായി പ്രവാചകൻ ദാമ്പത്യജീവിതം ആരംഭിക്കുന്നത് 11-ാം വയസ്സിലായിരുന്നെന്ന് ചരിത്രം രേഖപ്പെടുത്തുന്നു. ജനിതക പാരമ്പര്യം, കാലാവസ്ഥ തുടങ്ങി പലതുമായും ബന്ധപ്പെട്ടതാണ് പെൺകുട്ടികളുടെ പ്രായപൂർത്തി. 11-ാം വയസ്സിൽ പ്രസവിച്ച യുവതികൾ ഉണ്ടായിരുന്നിട്ടുണ്ട്. ആഇശക്ക് പതിനെട്ട് വയസ്സ് പ്രായമായിരുന്നപ്പോഴാണ് ഭർത്താവ് നിര്യാതനായത്. അവർ പ്രസവിച്ചിരുന്നില്ല. നബി(സ)യുടെ കുടുംബ ജീവിതത്തെക്കുറിച്ച് ഏറ്റവും ആധികാരികവും വിശദവുമായ ചിത്രം ലോകത്തിനു നൽകിയത് ആഇശയായിരുന്നു. പ്രവാചകനോട് അഹിതകരമായ കാര്യങ്ങൾ പോലും തുറന്നു പറഞ്ഞിരുന്നു അവർ. എന്നാൽ ഒരിക്കൽ പോലും താൻ അനുഭവിച്ച ശാരീരിക പീഡനത്തെക്കുറിച്ച ഒരു പരാമർശവും അവരുടെ പ്രസ്താവനകളിലില്ല. പ്രത്യുത തന്നോടൊപ്പം ഓട്ടപ്പന്തയം നടത്തിയ പ്രവാചകന്റെ സ്നേഹമസൃണമായ പെരുമാറ്റത്തെക്കുറിച്ചാണ് അവർ അനുസ്മരിച്ചത്. ആരോഗ്യശാസ്ത്രപരമായി വിവാഹബന്ധങ്ങൾക്ക് തീർത്തും കണിശവും കൃത്യവുമായ പ്രായനിർണയം ഇല്ലെന്നിരിക്കെ പ്രവാചകൻ തന്റെ കാലത്തും സാഹചര്യങ്ങളിലും നടത്തിയ ഒട്ടേറെ വിവാഹങ്ങളിൽ ഒന്ന് മാത്രമെടുത്ത് ഉത്കണ്ഠപ്പെടാൻ കാരണമില്ല, തന്റെ ഇണക്ക് പിൽക്കാലത്തു പോലും പരാതിയില്ലാതിരിക്കെ വിശേഷിച്ചും.

## ഇടതുപക്ഷത്തിന് പിഴച്ചത്

■ *"നോക്കിനിൽക്കുകയല്ല ഇടപെടുകയാണ് എന്നത് ജമാഅത്തെ ഇസ്‌ലാമി നേതൃത്വം നൽകുന്ന ഒരു വാണിജ്യ പത്ര സ്ഥാപനത്തിന്റെ പരസ്യവാചകമാണ്. കേരളത്തിലെ മാധ്യമ ചരിത്രത്തിൽ ഒരു വഴിത്തിരിവ് എന്ന പോസ്റ്റർ വാചകവുമായാണ് ഈ സ്ഥാപനം കേരളത്തിലെ പൊതുമണ്ഡലത്തിൽ പിച്ചവെച്ചുതുടങ്ങിയത്. ഒരുപക്ഷേ മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബിന്റെ അൽ അമീനു ശേഷം മുസ്‌ലിം നവോത്ഥാനത്തിന്റെ പതാക വാഹകരാകാൻ പോന്ന കെൽപ് തങ്ങൾക്കുണ്ട് എന്ന അവകാശ പ്രഖ്യാപനമാണ് മാധ്യമം പ്രസിദ്ധീകരണങ്ങളുടെ രംഗപ്രവേശത്തിലൂടെ ജമാഅത്തെ ഇസ്‌ലാമി നടത്തിയത്.*

*മാധ്യമരംഗത്ത് കാലെടുത്തുവെച്ചതിലൂടെ മാധ്യമവും ജമാഅത്തെ ഇസ്‌ലാമിയും നേരിട്ടത് രണ്ടു ചോദ്യങ്ങളാണ്- ഇടതുപക്ഷ മനസ്സുള്ള കേരളീയ മധ്യവർഗത്തെ എങ്ങനെ സ്വാധീനിക്കാം? തങ്ങൾക്കുമേൽ ആരോപിക്കപ്പെടാൻ ഇടയുള്ള മതമൗലികവാദം എന്ന ദുഷ്പേരിൽനിന്ന് എങ്ങനെ രക്ഷ നേടാം? ഇതിന് അവർ ഉത്തരം കണ്ടെത്തിയത് ഇങ്ങനെയായിരുന്നു. ചരിത്രരചന, പത്രപ്രവർത്തനം, സാഹിത്യനിരൂപണം എന്നീ രംഗങ്ങളിൽ കേരളത്തിന് വിലപ്പെട്ട സംഭാവന നൽകിയ പി.കെ ബാലകൃഷ്ണനെ തങ്ങളുടെ എഡിറ്ററായി നിയമിച്ചതിലൂടെ തങ്ങളുടെ മതനിരപേക്ഷ വിശ്വാസ്യത ഉറപ്പാക്കി. ഇടതുപക്ഷ വീക്ഷണ കോണിൽനിന്ന് വാർത്തകളും ഫീച്ചറും തയാറാക്കിക്കൊണ്ട് വായനാ സമൂഹത്തെ തങ്ങളുടെ പാട്ടിലാക്കാൻ ശ്രമവും നടത്തി. മാധ്യമത്തിന്റെ ആദ്യ ഘട്ടം ഈ വിധമായിരുന്നു.*

*ഈ സംരംഭങ്ങൾക്ക് നേതൃത്വം നൽകിയ ഒ. അബ്ദുർറഹ്മാൻ, ഒ അബ്ദുല്ല, ശൈഖ് മുഹമ്മദ് കാരകുന്ന് തുടങ്ങിയവർ അടങ്ങിയ പുതിയ ബുദ്ധിജീവിവൃന്ദം ഇസ്‌ലാമിന്റെ ഒർഥത്തിലുള്ള ഓറിയന്റലിസ്റ്റ് വായനയിൽ നിപുണരായിരുന്നു" (ദേശാഭിമാനി വാരിക, 2008 മാർച്ച് 30). മുജീബിന്റെ പ്രതികരണം?*

***വി.കെ താജുദ്ദീൻ കൊടിഞ്ഞി***

**സാ**മ്രാജ്യത്വത്തോടും ഫാഷിസത്തോടുമുള്ള പോരാട്ടം, മുതലാളിത്തത്തോടുള്ള എതിർപ്പ്, ജനപക്ഷ സാമൂഹിക ഇടപെടലുകൾ, മനുഷ്യാവകാശങ്ങൾക്കു വേണ്ടിയുള്ള സമരം തുടങ്ങിയതൊക്കെയും ഇടതുപക്ഷത്തിന്റെയും മാർക്സിസത്തിന്റെയും കുത്തകയാണെന്നും മറ്റാരെങ്കിലും അതേറ്റെടുത്ത് നടത്തിയാൽ കാപട്യവും തട്ടിപ്പുമാണെന്നുമുള്ള അന്ധവിശ്വാസവും മുൻവിധിയുമാണ് മുഖ്യധാരാ ഇടതുപക്ഷത്തെ നയിക്കുന്നത്. അതോടൊപ്പം ഈ രംഗങ്ങളിൽനിന്നൊക്കെയും പിറകോട്ടു പോയി സാമ്രാജ്യത്വവുമായും മുതലാളിത്തവുമായും സന്ധി ചെയ്തുകൊണ്ടിരിക്കുന്ന കമ്യൂണിസ്റ്റ് രാജ്യങ്ങളുടെയും സർക്കാറുകളുടെയും പാർട്ടികളുടെയും വർത്തമാന കാല നിലപാടുകൾ ഇടതുപക്ഷത്തെ പ്രതിസന്ധിയിലാഴ്ത്തുകയും ചെയ്യുന്നു. അവർ പ്രാഥമികമായി അറിയേണ്ട സത്യം, ഇസ്‌ലാം മുതലാളിത്തത്തെയോ സാമ്രാജ്യത്വത്തെയോ വലതുപക്ഷ പിന്തിരിപ്പൻ നിലപാടുകളെയോ അംഗീകരിക്കുന്ന പ്രത്യയശാസ്ത്രമല്ല എന്നുള്ളതാണ്. ഇന്തോനേഷ്യ മുതൽ മൊറോക്കോ വരെ നീണ്ടുകിടക്കുന്ന മുസ്‌ലിംലോകത്ത് ഒരു രാജ്യം പോലും സമ്രാജ്യത്വ കോളനിവാഴ്ചയിൽനിന്ന് സ്വാതന്ത്ര്യം നേടിയത് മാർക്സിസത്തിലൂടെയോ ഇടതുപക്ഷ പ്രസ്ഥാനങ്ങളിലൂടെയോ അല്ല. അബ്ദുൽ കരീം ഖത്താബി, ഉമർ മുഖ്താർ, അബ്ദുൽ ഖാദിറിൽ ജസാഇരി, മുഫ്തി അമീനുൽ ഹുസൈനി, ബദീഉസ്സമാൻ സഈദ് നൂർസി, ഇദ്‌രീസ് സനൂസി തുടങ്ങി അനേകർ സാമ്രാജ്യശക്തികളെ മുട്ടുകുത്തിച്ചത് തീർത്തും ഇസ്‌ലാമിക ജിഹാദിലൂടെയായിരുന്നു. കോളനിവാഴ്ചക്കാർ കെട്ടുകെട്ടിയപ്പോൾ മുസ്‌ലിം രാജ്യങ്ങളുടെ അധികാരം പിടിച്ചുപറ്റിയ പിണയാളുകളുടെ സാമ്രാജ്യത്വ ദാസ്യവും മുതലാളിത്ത വ്യവസ്ഥിതിയുമാണ് ഇസ്‌ലാം വലതുപക്ഷത്താണെന്ന തെറ്റിദ്ധാരണ സൃഷ്ടിച്ചത്. ഇരുപതാം നൂറ്റാണ്ടിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങളായ ഇഖ്‌വാനുൽ മുസ്‌ലിമൂനും (1928) ജമാഅത്തെ ഇസ്‌ലാമിയും (1941) ബ്രിട്ടീഷ് സാമ്രാജ്യത്വത്തോടും പാശ്ചാത്യ മുതലാളിത്ത ചിന്താധാരകളോടും നടത്തിയ ആശയസമരത്തിന്റെ അയലത്തെത്താൻ പോലും മെറ്റീരിയലിസവും ഡാർവിനിസവും ഫ്രോയ്ഡിസവും സ്വാംശീകരിച്ച ഇടതുപക്ഷങ്ങൾക്കായിട്ടില്ല.

ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ഭാഗമാണ് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയും അതിന്റെ കേരള ഘടകവും. ജമാഅത്തെ ഇസ്‌ലാമിക്ക് അതിന്റെ പ്രതിഛായ മാറ്റിയെടുക്കാൻ ഇടതുപക്ഷ വേഷത്തിന്റെയോ മുഖംമൂടിയുടെയോ ആവശ്യം നേരിട്ടിട്ടില്ല. മറിച്ച്, കഴിഞ്ഞ സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പ് വേളയിലെങ്കിലും പോരാട്ടത്തിന് സാമ്രാജ്യത്വ- മുതലാളിത്ത മുഖം നൽകാൻ ഇടതുമുന്നണിക്ക് ജമാഅത്തെ ഇസ്‌ലാമിയുടെ പിന്തുണ ഉപകരിച്ചില്ലേ എന്ന് ആ പക്ഷത്ത് നിൽക്കുന്നവർ ആത്മവിചാരം നടത്തണം. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ സ്ത്രീകൾ സംവരണ സീറ്റിൽ മത്സരിക്കുന്നത് ഹറാമാണെന്നു പോലും മതവിധി പുറപ്പെടുവിച്ച ഒരു തനി പിന്തിരിപ്പൻ യാഥാസ്ഥിതിക വിഭാഗത്തിന് ഹജ്ജ്-വഖ്ഫ് ബോർഡുകളിലെ അംഗത്വവും സ്കൂൾ അംഗീകാരവും വെച്ചുനീട്ടി വോട്ട് വാങ്ങിയതു കൊണ്ട് സി.പി.എമ്മിന് ലഭിക്കുമായിരുന്ന പ്രതിഛായ എന്താണ്? തത്ത്വാധിഷ്ഠിതമാണ് ജമാഅത്ത് ഇടതുമുന്നണിക്ക് നൽകിയ പിന്തുണ. അതിനാൽ പാളിച്ചകളും അബദ്ധങ്ങളും കാട്ടുമ്പോൾ തത്ത്വാധിഷ്ഠിതമായിതന്നെ എതിർക്കേണ്ടിയും വരും. അതു കാണുമ്പോഴേക്ക് വിറളിയെടുത്ത് അന്യഥാ വ്യാഖ്യാനങ്ങൾക്കും ദുഷ്പ്രചാരണങ്ങൾക്കും ഇറങ്ങിപ്പുറപ്പെടുന്നത് മാന്യതയല്ല. ആശയസമരം എങ്ങനെ വേണമെങ്കിലും തുടരാം. ആരുടെയും ഓശാരം കൊണ്ട് വളരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന പ്രസ്ഥാനമല്ല ജമാഅത്തെ ഇസ്‌ലാമി. ■